# കൃഷി വിജ്ഞാന കേന്ദ്രം - ആലപ്പുഴ
# KRISHI VIGYAN KENDRA - ALLEPPEY

കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കൃഷ്ണപുരം, കായംകുളം – 690 533, കേരളം

വാല്യം 11 ലക്കം 02 **വാർത്താപത്രിക** ഏപ്രിൽ – ജൂൺ 2013




## കർഷകശാസ്ത്രജ്ഞരുമായി മുഖാമുഖം



കാർഷിക മേഖലയിൽ സ്വന്തമായി കണ്ടുപിടിത്തങ്ങൾ നടത്തിയ ആലപ്പുഴ ജില്ലയിലെ കർഷകശാസ്ത്രജ്ഞരുമായുള്ള ഒരു മുഖാമുഖം പരിപാടി കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 2013 ജൂൺമാസം 28 –ാം തീയതി സംഘടിപ്പിച്ചു. കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാന തലത്തിൽ നടപ്പിലാക്കുന്ന 'കർഷകശാസ്ത്രജ്ഞരുടെ കണ്ടുപിടുത്തങ്ങളുടെ ക്രോഡീകരണം' എന്ന പദ്ധതിയുടെ ഭാഗമായി നടത്തിയ മുഖാമുഖത്തിൽ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 14 കർഷകരാണ് തങ്ങളുടെ കണ്ടെത്തലുകൾ ഒരു ജില്ലാതല വിദഗ്ദ്ധ സമിതിക്ക് മുമ്പാകെ അവതരിപ്പിച്ചത്. നൂതന കാർഷിക മുറകൾ, കീടരോഗനിയന്ത്രണ മാർഗ്ഗങ്ങൾ, കാർഷിക ഉപകരണങ്ങൾ, ലഘുയന്ത്രങ്ങൾ, പാഴ്നിലം കൃഷിയ്ക്ക് ഉപയുക്തമാക്കൽ തുടങ്ങിയ വിവിധ മേഖലകളിലെ കണ്ടെത്തലുകളാണ് അവതരിപ്പിക്കപ്പെട്ടത്. ജില്ലാതല വിദഗ്ദ്ധ സമിതിയെ കൂടാതെ CPCRI യിലെ ശാസ്ത്രജ്ഞർ, തിരഞ്ഞെടുക്കപ്പെട്ട കർഷകർ, കൃഷി വിജ്ഞാന കേന്ദ്രത്തിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ മുഖാമുഖത്തിൽ പങ്കെടുത്തു. കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപന മേധാവി ഡോ. ജോർജ്ജ് വി. തോമസ്, പരിപാടി ഉദ്ഘാടനം ചെയ്തു. കേരള കാർഷിക സർവ്വകലാശാല വിജ്ഞാന വ്യാപന വിഭാഗം പ്രൊഫസറും പദ്ധതിയുടെ സംസ്ഥാന തല ലീഡറുമായ ഡോ. സി. ഭാസ്കരൻ മോഡറേറ്ററായിരുന്നു.



ചെട്ടികുളങ്ങരയിലെ ശ്രീ. ഗോവിന്ദപ്പിള്ള (ഓണാട്ടുകരയ്ക്ക് ചേർന്ന പൊടിവിതയന്ത്രം) കരീലക്കുളങ്ങരയിലെ ശ്രീ. സോമൻ (കരിക്ക് വെട്ടിയന്ത്രം) ശ്രീ. ലാലൻ തരകൻ, എഴുപുന്ന (നാളികേര കാമ്പ് ഒരേ വലിപ്പത്തിൽ മുറിച്ച് കഴുകാവുന്ന യന്ത്രം), ശ്രീ. സഞ്ജു, വയലാർ (നാളികേര ഉത്പന്നനിർമ്മാണത്തിനുതകുന്ന യന്ത്രങ്ങൾ), ശ്രീ. നാസർ എം.എസ്., അരൂക്കുറ്റി (പോളീ ഹൗസുകളിലെ കണിക ജലസേചനത്തിനുതകുന്ന ചെലവ് കുറഞ്ഞ വെൻഞ്ച്വറി ട്യൂബ്), ശ്രീ. കൃഷ്ണൻ കുട്ടി, തഴക്കര (വാഴവിത്ത് എടുക്കാവുന്ന ഉപകരണം), ശ്രീ. ശാന്തപ്പൻ, മുഹമ്മ (തെങ്ങിന്റെ കൊമ്പൻ ചെല്ലിക്കെതിരെ ജൈവ കീടനാശിനി), ശ്രീ. സുരേഷ്കുമാർ, മാവേലിക്കര (പച്ചക്കറി കൃഷിക്കുള്ള ചെലവു കുറഞ്ഞ തുണിപ്പന്തൽ), ശ്രീ. ഭഗവൻ ദാസ്, കടക്കരപ്പള്ളി (വാഴയുടെ പിണ്ടിപ്പുഴു നിയന്ത്രണം) ശ്രീ. അനിൽകുമാർ, പുതുപ്പള്ളി (ഓരു വെള്ളം ശുദ്ധീകരിക്കാൻ കണ്ടൽ കൃഷി), ശ്രീ. ശുഭകേശൻ, കഞ്ഞിക്കുഴി (കഞ്ഞിക്കുഴിപ്പയർ) ശ്രീ. രാജൻ ബാബു, കായംകുളം (രാജാമൃതം) എന്നിവർ തങ്ങളുടെ കണ്ടുപിടുത്തങ്ങളുടെ വിശദാംശങ്ങൾ സദസ്സിനു മുമ്പാകെ അവതരിപ്പിച്ചു.


*കൂടുതൽ വിവരങ്ങൾക്ക്:*

**പ്രോഗ്രാം കോ – ഓർഡിനേറ്റർ**
**കൃഷി വിജ്ഞാന കേന്ദ്രം – ആലപ്പുഴ**
**സി. പി. സി. ആർ. ഐ. (ആർ. എസ്.),**
**കൃഷ്ണപുരം പി. ഒ.**
**കായംകുളം – 690 533**
**ഫോൺ/ഫാക്സ്: 0479 2449268**
**ഇ – മെയിൽ : kvkalapuzha@hotmail.com**




## പയറിലെ കുമിൾ രോഗങ്ങളുടെ ജൈവീക നിയന്ത്രണം



തകഴി പഞ്ചായത്തിൽ നടപ്പിലാക്കിയ 'പയറിലെ ജൈവീക കുമിൾ രോഗ പരിപാലനം' എന്ന മുൻ നിരപ്രദർശനത്തിന്റെ ഫീൽഡ് ദിനാചരണം മെയ് മാസം 3 ന് തകഴി പഞ്ചായത്ത് ഹാളിൽ സംഘടിപ്പിച്ചു. PGPR mix II എന്ന ജൈവ കുമിൾ നാശിനി ഉപയോഗിച്ച് പയറിലെ കരിവള്ളി, ചുവടുവീക്കം എന്നീ രോഗങ്ങളുടെ നിയന്ത്രണമാണ് പത്ത് കർഷകരുടെ കൃഷിയിടങ്ങളിൽ പ്രദർശിപ്പിച്ചത്. വിത്ത് പരിചരണം, മണ്ണിൽ ചേർത്തു കൊടുക്കൽ, ചെടികളിൽ തളിച്ചുകൊടുക്കൽ എന്നീ മാർഗ്ഗങ്ങൾ അവലംബിച്ച പത്ത് കർഷകരുടെ തോട്ടങ്ങളിൽ രോഗബാധയുണ്ടായില്ല. എന്നാൽ ഈ സാങ്കേതിക വിദ്യ ഉപയോഗിക്കാത്ത കർഷകരുടെ വിള കുമിൾ രോഗബാധ മൂലം പൂർണ്ണമായും നശിച്ചു. പ്രദർശന പങ്കാളികളായ കർഷകർക്ക് പയറിന് നല്ല വിളവാണ് ലഭിച്ചത്. തകഴി പഞ്ചായത്ത് പ്രസിഡന്റ്, ശ്രീ. ഇ.ആർ. രാധാകൃഷ്ണപിള്ള പരിപാടി ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്തംഗം ശ്രീമതി. അൽഫോൺസാമ്മ ടോമി അധ്യക്ഷത വഹിച്ചയോഗത്തിൽ കൃഷി വിജ്ഞാന കേന്ദ്രം പ്രോഗ്രാം കോർഡിനേറ്റർ, ഡോ. പി. മുരളീധരൻ രോഗനിയന്ത്രണത്തിന് ജൈവീക നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിച്ചാലുള്ള ഗുണഫലങ്ങളെപ്പറ്റി കർഷകരോട് സംസാരിച്ചു. പ്രദർശന പരിപാടിയിൽ പങ്കാളികളായ കർഷകരുൾപ്പെടെ 47 കർഷകരും 7 വിജ്ഞാനവ്യാപന പ്രവർത്തകരും ഫീൽഡ് ദിനാചരണത്തിൽ പങ്കെടുത്തു.

## മഞ്ഞൾ സംസ്കരണത്തിന് എളുപ്പ മാർഗ്ഗം



മായം കലർന്ന മഞ്ഞളിന്റെ ഉപയോഗം വ്യാപകമായതിനാൽ മഞ്ഞളിന്റെ സംസ്കരണവും വിപണനവും പ്രാധാന്യമർഹിക്കുന്നു. മഞ്ഞൾ പുഴുങ്ങി ഉണക്കി എടുക്കുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ കൊണ്ടാണ് ഈ രംഗത്ത് അധികം പേരും ശ്രദ്ധിക്കാത്തത്. ഇതിന് ഒരു പരിഹാരമായി ടർമറിക് ബോയിലർ (മഞ്ഞൾ പുഴുങ്ങാനുള്ള കുക്കർ) ന്റെ സഹായത്തോടെ മഞ്ഞൾ എളുപ്പത്തിൽ പുഴുങ്ങിയെടുക്കുവാനുള്ള ഒരു പ്രദർശനപരിപാടി കരുവാറ്റ പഞ്ചായത്തിൽ കൃഷി വിജ്ഞാന കേന്ദ്രം നടപ്പിലാക്കി. ഈ പ്രദർശന വിജയം ഉൾക്കൊണ്ടുകൊണ്ട് ഭരണിക്കാവ് പഞ്ചായത്തിലെ സ്വയം സഹായ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ കൃഷി ഭവന്റേയും പഞ്ചായത്തിന്റേയും സഹകരണത്തോടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ശേഖരിച്ച 3000 കിലോ മഞ്ഞൾ, ടർമറിക്ക് ബോയിലർ ഉപയോഗിച്ച് സംസ്ക്കരിച്ചു. വളരെ കുറഞ്ഞസമയം കൊണ്ട് കാര്യക്ഷമമായി മഞ്ഞൾ പുഴുങ്ങുന്നതിനും ആവിയിൽ പുഴുങ്ങിയതിനാൽ പെട്ടെന്ന് തന്നെ ഉണക്കിയെടുക്കുന്നതിനും സാധിച്ചു. ഇപ്രകാരം ഉണക്കിയെടുത്ത മഞ്ഞൾ നന്നായി പോളിഷ് ചെയ്തെടുക്കാൻ സാധിക്കുന്നതായും മഞ്ഞൾ പുഴുങ്ങുക എന്ന ക്ലേശകരമായ ജോലിയുടെ കാഠിന്യം ലഘൂകരിക്കാൻ സാധിക്കുന്നതായും പങ്കാളികളായ വനിതകൾ അഭിപ്രായപ്പെട്ടു. പഞ്ചായത്ത് തലത്തിൽ നടത്തിയ വിപണനമേളയിൽ "ശുദ്ധി" എന്ന ബ്രാൻഡിൽ 100, 250, 500 ഗ്രാം തൂക്കത്തിൽ ആകർഷകമായ ലേബലിങ്ങും പാക്കിങ്ങും നടത്തി മഞ്ഞൾപ്പൊടി വിപണനം ചെയ്തു. വനിതകളുടെ മേൽനോട്ടം കൊണ്ടും പങ്കാളിത്തം കൊണ്ടും ശ്രദ്ധേയമായ ഈ പരിപാടിയുടെ വിപണനോദ്ഘാടനം ജില്ലാ പഞ്ചായത്തംഗം ശ്രീ. എ.എം. ഹാഷിർ നിർവ്വഹിച്ചു. ജില്ലാ പഞ്ചായത്തംഗം ശ്രീമതി ഒ... ക്കുട്ടിയമ്മ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ശ്യാമളാദേവി, പഞ്ചായത്തംഗം ശ്രീമതി. റ്റി.കെ. ഗംഗ, കൃഷി ഓഫീസർ ശ്രീമതി. ഷാനിദ ബീവി, കൃഷി വിജ്ഞാന കേന്ദ്രം സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റ് ശ്രീമതി. ജിസ്സി ജോർജ്ജ് എന്നിവർ ചടങ്ങിൽ ആശംസകൾ അറിയിച്ചു.

## മുൻനിര പ്രദർശന പരിപാടി

### തെങ്ങിനിടവിളയായി വെള്ളായണി ഹ്രസ്വ മരച്ചീനിയിനം



കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ കരുവാറ്റ പഞ്ചായത്തിലെ രണ്ട് ഹെക്ടർ സ്ഥലത്ത് 20 കർഷകരുടെ പങ്കാളിത്തത്തോടെ 'തെങ്ങിനിടവിളയായി വെള്ളായണി ഹ്രസ്വ മരച്ചീനി കൃഷി' എന്ന മുൻനിര പ്രദർശന പരിപാടി സംഘടിപ്പിച്ചു. കേരള കാർഷിക സർവ്വകലാശാല പുറത്തിറക്കിയ അത്യുത്പാദന ശേഷിയുള്ളതും 4.5–5.5 മാസം മാത്രം മൂപ്പുള്ളതുമായ ഇനമാണ് വെള്ളായണി ഹ്രസ്വ. നാടൻ ഇനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ 50% വരെ അധിക വിളവ് നൽകുന്ന ഹ്രസ്വ (18 ടൺ/ഹെ) നല്ല പാചകഗുണമുള്ളതാണെന്ന് കർഷകർ അഭിപ്രായപ്പെട്ടു.



# കൃഷിയിട പരീക്ഷണങ്ങൾ

## തെങ്ങിൻ തോട്ടങ്ങളിൽ കര നെൽ കൃഷി



നെൽവയലുകളുടെ വിസ്തൃതി കുറഞ്ഞുവരുന്ന സാഹചര്യത്തിൽ തെങ്ങിൻ തോട്ടങ്ങളിൽ ലഭ്യമായ സ്ഥലം നെൽകൃഷിക്കായി പ്രയോജനപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. തെങ്ങിൻ തോട്ടങ്ങളിലെ ഇടവിള കൃഷിക്ക് അനുയോജ്യമായ നെല്ലിനങ്ങൾ കണ്ടെത്തുന്നതിനായി ഒരു കൃഷിയിട പരീക്ഷണം കരുവാറ്റ പഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട അഞ്ച് കർഷകരുടെ കൃഷിയിടങ്ങളിൽ നടപ്പിലാക്കി. കേരള കാർഷിക സർവ്വകലാശാല പുറത്തിറക്കിയിട്ടുള്ള ഇടത്തരം മൂപ്പുള്ള ഇനങ്ങളായ വൈശാഖ്, ഉമ, ജ്യോതി എന്നിവയാണ് വിലയിരുത്തിയത്. മൂന്നിനങ്ങളും നല്ല വളർച്ചയും ശരാശരി വിളവും രേഖപ്പെടുത്തി. ഇതിൽ വൈശാഖിന് ഹെക്ടറൊന്നിന് 1.20 ടൺ വിളവും ജ്യോതിക്കും ഉമയ്ക്കും യഥാക്രമം 1.05, 1.12 ടണ്ണും വിളവ് ലഭിച്ചു. ഈ കൃഷിയിട പരീക്ഷണത്തിൽ പങ്കാളികളായ കർഷകർ ജലലഭ്യത ഉറപ്പുള്ള തെങ്ങിൻ തോട്ടങ്ങളിൽ നെൽകൃഷി വിജയമാണെന്നും വൈശാഖ് ഇനം മറ്റിനങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ട വിളവ് നൽകുന്നയായും അഭിപ്രായപ്പെട്ടു.




## വെള്ളരി വർഗ്ഗ വിളകളിൽ വെജിറ്റബിൾ സ്പെഷ്യലിന്റെ ഉപയോഗം :

വെള്ളരി വർഗ്ഗ പച്ചക്കറിയായ പാവൽ കൃഷിയിൽ സൂക്ഷ്മ മൂലകങ്ങളുടെ അഭാവം വിളവ് കുറയ്ക്കുന്നതിന് കാരണമാകാറുണ്ട്. ഇത് പരിഹരിക്കുന്നതിനായി ഒരു കൃഷിയിട പരീക്ഷണം കരുവാറ്റ പഞ്ചായത്തിലെ തെരഞ്ഞെടുത്ത 5 കർഷകരുടെ പങ്കാളിത്തത്തോടെ സംഘടിപ്പിച്ചു. ഒരു ഗ്രാം വെജിറ്റബിൾ സ്പെഷ്യൽ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ 4 തവണ ഇലകളിൽ തളിച്ചപ്പോൾ ശുപാർശ ചെയ്തിട്ടുള്ള വളപ്രയോഗത്തിൽ ലഭിക്കുന്ന വിളവിനെ (20.3 ടൺ/ഹെക്ടർ) ക്കാൾ ഉയർന്ന വിളവ് (25.3 ടൺ/ഹെക്ടർ) ലഭ്യമായി. ഇങ്ങനെ വിളയിലെ സൂക്ഷ്മ മൂലക ദൗർലഭ്യം പരിഹരിക്കുന്നതുവഴി വിളവ് വർദ്ധിപ്പിക്കാനാകുമെന്ന് പങ്കാളികളായ കർഷകർക്ക്

# വെജിറ്റബിൾ സ്പെഷ്യൽ - പച്ചക്കറികളിലെ ഉത്പാദന മികവിനുതകുന്ന സൂക്ഷ്മ മൂലക വളം

സസ്യങ്ങളുടെ വളർച്ചയ്ക്ക് സാധാരണയായി 17 മൂലകങ്ങളാണ് ആവശ്യം. ഇതിൽ പ്രാഥമിക മൂലകങ്ങളായ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം എന്നിവയാണ് പ്രധാനമായും വളങ്ങളുടെ രൂപത്തിൽ നൽകിവരുന്നത്. തുടർച്ചയായ കടുംകൃഷിയും നേർവള പ്രയോഗവും ജൈവവളങ്ങളുടെ കുറവും മണ്ണിൽ സൂക്ഷ്മ മൂലകങ്ങളുടെ അഭാവത്തിന് കാരണമാകാറുണ്ട്. സൂക്ഷ്മ മൂലകങ്ങളുടെ അഭാവം സസ്യങ്ങളുടെ ശരിയായ വളർച്ചയ്ക്കും ഉത്പാദന മികവിനും തടസ്സമാകുന്നു. വളരെ ചെറിയ അളവിൽ മാത്രം ആവശ്യമായ സൂക്ഷ്മ മൂലകവളങ്ങൾ മണ്ണിൽ നേരിട്ട് ചേർത്ത് കൊടുക്കുന്നതിനേക്കാൾ ഫലപ്രദം ഇലകളിൽ തളിച്ച് കൊടുക്കുന്നതാണ്.

ബാംഗ്ലൂരിലെ ഭാരതീയ ഫലവർഗ്ഗ ഗവേഷണ സ്ഥാപനം, പച്ചക്കറി വിളകളുടെ വളർച്ചയ്ക്കും ഉത്പാദനമികവിനും തയ്യാറാക്കിയിട്ടുള്ള സൂക്ഷ്മ മൂലക വളമാണ് വെജിറ്റബിൾ സ്പെഷ്യൽ. സിങ്ക് (4.5%), ബോറോൺ (1%), മാംഗനീസ് (0.85%), ഇരുമ്പ് (2.1%), ചെമ്പ് (0.1%) എന്നിവയുടെ മിശ്രിതമാണ് വെജിറ്റബിൾ സ്പെഷ്യൽ. വിവിധ വിളകളിൽ തളിക്കുന്നതിനായി ഒരു ലിറ്റർ വെള്ളത്തിൽ ചേർക്കേണ്ട വെജിറ്റബിൾ സ്പെഷ്യലിന്റെ അളവ് (പട്ടിക-1) കൊടുത്തിരിക്കുന്നു. ലയിപ്പിക്കുമ്പോൾ അല്പം ഷാമ്പുവും ചേർക്കേണ്ടതാണ്. നട്ട് 40-45 ദിവസം (പറിച്ച്നട്ട് 25-30 ദിവസം) കഴിഞ്ഞ് തളിച്ചു തുടങ്ങാം. വെജിറ്റബിൾ സ്പെഷ്യൽ 20 ദിവസത്തെ ഇടവേളകളിൽ മൂന്ന്-നാല് തവണയാണ് തളിക്കേണ്ടത്.

| പച്ചക്കറിയിനം | അളവ്/ലി. വെള്ളം |
|---|---|
| തക്കാളി, കാബേജ് | |
| കോളിഫ്ളവർ, കാപ്സിക്കം | 5 ഗ്രാം |
| മുളക്, വഴുതന | 3 ഗ്രാം |
| പയറു വർഗ്ഗങ്ങൾ, വെണ്ട | 2 ഗ്രാം |
| പാവൽ, പടവലം, വെള്ളരി, കുമ്പളം | 1 ഗ്രാം |





## കാർഷിക വിദ്യാർത്ഥികൾക്ക് പ്രവർത്തി പരിചയം



ഗ്രാമീണ-കാർഷിക പ്രായോഗിക പരിശീലനത്തിന്റെ ഭാഗമായി കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിലെ 8 വിദ്യാർത്ഥികൾ, കൃഷി വിജ്ഞാന കേന്ദ്രത്തിൽ 29.04.2013 മുതൽ 04.05.2013 വരെ ചിലവഴിച്ചു. കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനായി കൃഷിയിടസന്ദർശനവും കർഷകരുമായി അഭിമുഖവും നടത്തിയ വിദ്യാർത്ഥികൾ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ഫീൽഡ് ദിനാചരണത്തിലും പങ്കെടുത്തു. പരിശീലനത്തിന്റെ ഭാഗമായി 'വാഴയുടെ സംയോജിത വിളപരിപാലനം' എന്ന വിഷയത്തിൽ ആലാ പഞ്ചായത്തിൽ മുപ്പതോളം കർഷകർ പങ്കെടുത്ത ഒരു പരിശീലന പരിപാടിയും വിദ്യാർത്ഥികൾ നടത്തി.

## ജൈവവാതക യൂണിറ്റ് - ജൈവ പുനഃചംക്രമണത്തിന് അനുയോജ്യം



കുട്ടനാട്ടിലെ ഒരു പ്രധാന കാർഷികാനുബന്ധ മേഖലയാണ് കന്നുകാലി വളർത്തൽ. പരിമിത നാമമാത്രമായ കർഷകരാണ് കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നതിൽ അധികവും. ചാണകവും കാലിത്തൊഴുത്തിലെ മറ്റവശിഷ്ടങ്ങളും ഫലപ്രദമായി പുനഃചംക്രമണം നടത്തുന്നതിനും കൃഷിക്ക് ഉപയുക്തമാക്കുന്നതിനും അനുകൂലസാഹചര്യം ഇല്ലാത്തതിനാൽ സാധാരണ ഉപയോഗശൂന്യമാവുകയാണ് ചെയ്യുക. ഇത് പരിസരമലിനീകരണത്തിനും ഹരിതഗൃഹ വാതകങ്ങളുടെ ഉത്പാദനത്തിനും വഴിവെയ്ക്കുന്നു. ഈ സാഹചര്യത്തിലാണ് ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം മുട്ടാർ പഞ്ചായത്തിൽ നടപ്പിലാക്കുന്ന കാലാവസ്ഥാനുസൃത കൃഷി സമ്പ്രദായങ്ങളുടെ ദേശീയ പദ്ധതിയുടെ ഭാഗമായി 'പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ ജൈവ പുനഃചംക്രമണത്തിന്' എന്ന ഒരു സാങ്കേതിക വിദ്യാപ്രദർശനം തെരഞ്ഞെടുത്ത 26 ക്ഷീര കർഷകരെ ഉൾപ്പെടുത്തി സംഘടിപ്പിച്ചത്. ആവശ്യമായ അളവിൽ ജൈവാവശിഷ്ടങ്ങൾ ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് അതുവഴി ലഭ്യമാകുന്ന വാതകം അടുക്കളയിലും സ്ലറി കൃഷിക്കും ഉപയുക്തമാക്കി. തീറ്റപുല്ല്, വാഴ, പച്ചക്കറി തുടങ്ങിയ കൃഷിക്കാണ് സ്ലറി പ്രധാനമായും ഉപയോഗിച്ചത്. ആയിരം ലിറ്റർ ശേഷിയുള്ള പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് വഴി ദിവസവും ശരാശരി രണ്ട് മണിക്കൂർ പാചകവാതകം ലഭിക്കുന്നതായി പങ്കാളികളായ കർഷകർ അഭിപ്രായപ്പെട്ടു. ഇത് വഴി വർഷം ശരാശരി 2-3 പാചക വാതക സിലിണ്ടറുകൾ ലാഭിക്കാൻ സാധിക്കുന്നു. കൂടാതെ ബയോഗ്യാസ് സ്ലറി വീട്ടുവളപ്പിലെ കൃഷിക്ക് ഉപയോഗിക്കുകയും അത് വഴി സുരക്ഷിതമായ ഫലങ്ങളും പച്ചക്കറികളും എന്ന ലക്ഷ്യം കൈവരിക്കുകയും ചെയ്യുന്നു. ബയോഗ്യാസ് സ്ലറി ഉപയോഗിച്ച വിളകൾക്ക് കരുത്തും വളർച്ചയും ഗുണമേന്മയും കൂടുതലാണെന്ന് കർഷകർ സാക്ഷ്യപ്പെടുത്തുന്നു. ഒരു ജൈവ ഗ്രാമത്തിലേക്കുള്ള ചുവടുവെപ്പിന് അത്യാവശ്യഘടകമായിത്തീരും ഇത്തരം ജൈവവാതക യുണിറ്റുകളെന്ന് അനുമാനിക്കാം.



## പ്രസിദ്ധീകരിച്ച ലേഖനങ്ങൾ

രവി. എസ്, പീ.മുരളീധരൻ. 2013 വൈക്കോൽ സംമ്പുഷ്ടീകരണം. കേരളാ കർഷകൻ 58 (9) : 62-63

പ്രസാധനം : **ഡോ. ജോർജ്ജ് വി. തോമസ്, ഡയറക്ടർ, സി.പി.സി.ആർ.ഐ., കാസർഗോഡ്**; ഏകോപനം & എഡിറ്റിംങ്ങ് : **ഡോ. പി. മുരളീധരൻ, പ്രോഗ്രാം കോർഡിനേറ്റർ**; ശേഖരണം & ലേഔട്ട് : **രാജീവ് എം.എസ്., എസ്.എം.എസ്.**; സാങ്കേതിക വിവരങ്ങൾ : **ഡോ.കെ. സജ്നനാഥ് ജിസ്സി ജോർജ്ജ്, ഡോ.എസ്. രവി, ലേഖ ജി.** ; സാങ്കേതിക സഹായം : **ആരതി ബാലകൃഷ്ണൻ, അൻസാരി കെ.എം., ബിജില പി.വി.**

